# അക്കാദമിക്-മാസ്റ്റർ-പ്ലാൻ

എസ്.എസ്.എം എ.എൽ.പി സ്കൂൾ
- പഴമള്ളൂർ -

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## പ്രാഥമിക വിവരങ്ങൾ :-

സ്കൂളിന്റെ പേര് : എസ്. എസ്. എം. എ. എൽ. പി
എസ് പഴമള്ളൂർ.

മേൽവിലാസം : പി.ഒ പഴമള്ളൂർ
വഴി കൂട്ടിലങ്ങാടി
മലപ്പുറം ജില്ല

സ്കൂൾ കോഡ് : 18635

വിദ്യാഭ്യാസ ഉപജില്ല : മങ്കട

വിദ്യാഭ്യാസ ജില്ല : മലപ്പുറം

ബി.ആർ.സി : മങ്കട

ഗ്രാമ പഞ്ചായത്ത് : കുറുവ

ഇ-മെയിൽ വിലാസം : ssmalps@gmail.com

## ചരിത്രം :-

പഴമള്ളൂരിന്റെ വിദ്യാലയം. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് പഴമള്ളൂരിൽ പ്രശാന്ത സുന്ദരമായ അന്തരീക്ഷത്തിൽ അരനൂറ്റാണ്ടിലധികം പാരമ്പര്യവുമായി നിലകൊള്ളുന്ന വിദ്യാഭ്യാസ സ്ഥാപനമാണ്

എസ്. എസ്. എം എ എൽ. പി. എസ് പഴമള്ളൂർ 1968 ൽ പഴമള്ളൂർ സിറ്റിയിൽ യശശ്ശരീരനായ ശ്രീ. കെ. പി. എസ് തങ്ങളാണ് ഈ മഹത്തായ സ്ഥാപനം യാഥാർത്ഥ്യമാക്കിയത്. തുടക്കത്തിൽ 270 കുട്ടികൾക്ക് പ്രവേശനം നൽകി ആരംഭത്തിൽ തന്നെ റെക്കോർഡിട്ട ചരിത്രം ഈ വിദ്യാലയത്തിനുണ്ട്. ഒന്നു മുതൽ 4 വരെ ക്ലാസുകൾ 2 ഡിവിഷനുകളിലായി ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു. 2010 ൽ ആരംഭിച്ച പ്രീ പ്രൈമറി വിഭാഗം ഇതിനോട് ചേർന്ന് പ്രവർത്തിക്കുന്നു. ശിശു സൗഹൃദ വിദ്യാലയം, സൗന്ദര്യ വൽക്കരിച്ച ക്ലാസ് മുറികൾ, കഥ പറയും ചുമരുകൾ, IT ലാബ്, വിപുലമായ ലൈബ്രറി, എന്നിങ്ങനെ കൂടുതൽ സൗകര്യങ്ങളോടെ പുതിയ അധ്യയന വർഷത്തെ വരവേൽക്കാൻ ഒരുങ്ങിയിരിക്കുകയാണ് വിദ്യാലയം.

## പൊതു ലക്ഷ്യങ്ങൾ

* വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികൾ മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.

* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി , കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ലഭ്യമാക്കുക.
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും
* ഓരോ മേഖലയിലും കുട്ടികൾക്ക് ഉണ്ടാവേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾക്ക് നൽകും . ഇതിനായി ക്ലാസ് പി.ടി.എ കൾ സജീവമാക്കും.
* വിദ്യാലയം ഹൈടെക്ക് ആക്കി മാറ്റുക
* ആരോഗ്യ- കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്രത്യേക ക്ലാസുകൾ നൽകുക.
* സുരക്ഷ വിദ്യാഭ്യാസം ഉറപ്പാക്കുക

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം:

* എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്നുറപ്പു വരുത്തുക.
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
* സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക
* ഭാഷാശേഷി വികസനത്തിനായി ആധുനിക-സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുക.
* മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്:

* സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
* സ്വതന്ത്ര ആശയ വിനിമയം സാധ്യമാക്കുക.

## ശാസ്ത്രം:

* ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക
* ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം

എന്നിവ വികസിപ്പിക്കുക.

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.

## ഗണിതം

* അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പു വരുത്തുക.
* ICT ഗണിത പഠനത്തിനായി ഉപയോഗപ്പെടുത്തുക.
* ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക.

## അറബി

* അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
* വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്മുറികളിലൊരുക്കുക.
* ഭാഷാപഠനത്തിൽ IT സാധ്യതകൾ ഉപയോഗപ്പെടുത്തുക.

# തനത് പ്രവർത്തനം

**ലക്ഷ്യം :** * ഒന്നാം ക്ലാസിനെ ഒരു ഗ്രൂപ്പായും, 2,3,4 ക്ലാസുകളെ മറ്റൊരു ഗ്രൂപ്പായും കണ്ട് കുട്ടികളിലെ പദസമ്പത്ത് വളർത്താനും, പൊതു വിജ്ഞാനം വളർത്താനുമുള്ള "അറിവുണർവ്" എന്ന പ്രവർത്തനം.

## പ്രവർത്തനം:

## One day one word - (ഒന്നാം ക്ലാസ്)

ഓരോ ദിവസവും ഓരോ word നൽകി. ആഴ്ചയിൽ ഒരു ദിവസം ക്വിസ് നടത്തി. വിജയിയെ കണ്ടെത്തുന്നു. വർഷാവസാനം മെഗാ ക്വിസ് നടത്തുന്നു.

## അറിവുണർവ് ( 2,3,4 )

ആഴ്ച തോറും 10 ചോദ്യങ്ങൾ വീതം കൊടുത്ത് മാസം ക്വിസ് നടത്തി വിജയിയെ തിരഞ്ഞെടുക്കുന്നു. വർഷാവസാനം മെഗാക്വിസ് നടത്തുന്നു.

വിജയികൾക്ക് അസംബ്ലിയിൽ സമ്മാനം നൽകുന്നു

# മലയാളം

## പ്രവർത്തനം : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസനം ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | **കുഞ്ഞുപതിപ്പ് (1,2)**<br>ക്ലാസ് തലത്തിൽ കുട്ടികളുടെ രചനകൾ ഉൾപ്പെടുന്ന മാഗസിൻ മാസാവസാനം സ്കൂൾ അസംബ്ലിയിൽ പ്രദർശിപ്പിക്കുന്നു.<br>**രചനോത്സവം (3,4)**<br>- പുസ്തകങ്ങൾ നൽകുന്നു.<br>- പുസ്തക വായന<br>- വായനാക്കുറിപ്പ് തയ്യാറാക്കൽ<br>കുട്ടികളുടെ വായനാക്കുറിപ്പുകൾ ഉൾപ്പെടുത്തി ഓരോ കുട്ടിയ്ക്കും ഓരോ പതിപ്പ് തയ്യാറാക്കുന്നു. അസംബ്ലിയിൽ പ്രദർശിപ്പിയ്ക്കുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ | |

| | | | |
|---|---|---|---|
| 2. എല്ലാ കുട്ടികളെയും സ്വന്തമായി വായനക്കാരാക്കൽ | **ക്ലാസ് ലൈബ്രറി**<br>ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കൽ.<br>→ വായന പരിപോഷിപ്പിക്കൽ<br>→ അസംബ്ലിയിൽ പുസ്തക പരിചയം നടത്തുന്നു. | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ |
| 3. കുട്ടികൾക്ക് പൊതു വിജ്ഞാനം നേടാനുള്ള ശേഷി വളർത്തുന്നു. | **അറിവുണർവ് (2,3,4)**<br>ആഴ്ച തോറും 10 ചോദ്യങ്ങൾ വീതം കൊടുത്ത് മാസത്തിൽ ക്വിസ് നടത്തുന്നു. ഒരു വിജയിയെ കണ്ടെത്തി അസംബ്ലിയിൽ സമ്മാനം നൽകുന്നു. വർഷാവസാനം മെഗാ ക്വിസ് നടത്തുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ |
| 4. കുട്ടികളുടെ പദസമ്പത്ത് വളർത്തുന്നു. | **One day One word (1)**<br>ഓരോ ദിവസവും ഒരു word നൽകി, ആഴ്ചയിൽ ഒരു ദിവസം ക്വിസ് നടത്തി വിജയിയെ കണ്ടെത്തുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ |

5. കുട്ടികളുടെ വായനാ ശേഷി വളർത്തുന്നു.

6. സർഗാത്മക രചന വളർത്തുന്നു.

## സ്കൂൾ പത്രം

കുട്ടികളുടെ രചനകൾ, ദിനാചരണങ്ങൾ, ബാലസഭ, ക്ലബ് പ്രവർത്തനം, ശില്പശാലകൾ, .. വിദ്യാരംഗം പ്രവർത്തനങ്ങൾ എല്ലാം ഉൾപ്പെടുത്തി കൊണ്ട് 3 മാസം തോറും ഓരോ പത്രം കുട്ടികൾ ടീച്ചറുടെ സഹായത്തോടെ തയ്യാറാക്കുന്നു. തുടർന്ന് അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു.

# ഇംഗ്ലീഷ്

പ്രവർത്തനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | English Assembly - ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി (മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ)<br>• ഇംഗ്ലീഷ് Thought, Riddles .... അവതരണം.<br>* അസംബ്ലിയിൽ ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ<br>Skit, Drama, Conversation Story Telling - - etc<br>**ഇംഗ്ലീഷ് ബാലസഭ**<br>* മാസത്തിൽ ഒരു ഇംഗ്ലീഷ് ബാലസഭ | 1 വർഷം | ടീച്ചർ | |

ക്ലാസിൽ നടത്തുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട poem, action song, story Riddles...
ഇതിനെല്ലാം ഉത്സാഹമാണ് (നിരവധി കുട്ടികൾക്ക്)

# ഗണിതം

## പ്രവർത്തനം : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ ആശയങ്ങൾ ഉറപ്പിക്കൽ | **ഗണിതമൂല**<br>ഓരോ ക്ലാസിലും ഗണിത മൂലകൾ സജ്ജീകരിക്കൽ (മഞ്ചാടി, കല്ലിന്നോട്, കാർഡുകൾ, മുത്തുകൾ, സംഖ്യാപോക്കറ്റ് ....) | 1 വർഷം | ക്ലാസ് ടീച്ചർ | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | **ഗണിത പഠനോപകരണ ശില്പശാല**<br>3,4 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന പഠനോപകരണങ്ങളുടെ നിർമ്മാണ ശില്പശാലയായി ഒരു ദിവസം നടത്തുന്നു.<br>**ഗണിതകിറ്റ് :** ശില്പശാലയിലൂടെ നിർമ്മിച്ച ഓരോ പഠനോപകരണ | നവംബർ ഡിസംബർ | ടീച്ചർ | |

| | | | |
|---|---|---|---|
| | ങ്ങളും ഗണിത കിറ്റായി ഓരോ കുട്ടിയും നിർമ്മിക്കുന്നു. | | |
| ഗണിതശേഷി വളർത്തൽ സർഗാത്മകത പരിപോഷിക്കൽ | **ഗണിത മാഗസിൻ**<br>ഓരോ ക്ലാസിലും ഗണിത മാഗസിൻ തയ്യാറാക്കുന്നു. അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ<br>* അന്വേഷണ ത്വര വളർത്തൽ | **ശാസ്ത്ര ശില്പശാല**<br>'ശാസ്ത്ര വിസ്മയം'<br>ശാസ്ത്ര പരീക്ഷണങ്ങൾ ഉൾപ്പെടുന്ന ശില്പശാല നടത്തുന്നു. | നവംബർ | ക്ലാസ് ടീച്ചർ | |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | **ശാസ്ത്ര ചെപ്പ്**<br>ലളിതമായ പരീക്ഷണങ്ങൾ സ്കൂൾ അസംബ്ലിയിൽ മാസത്തിൽ ഒന്ന് വീതം അവതരിപ്പിക്കുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ | |
| - ശാസ്ത്രാഭിരുചി വളർത്തൽ<br>- അന്വേഷണത്വര പരിപോഷിപ്പിക്കൽ | **ഫീൽഡ് ട്രിപ്പ്**<br>പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് നടത്തുന്നു.<br>* മൺപാത്ര നിർമ്മാണ ശാല<br>* കൃഷിത്തോട്ട സന്ദർശനം<br>... | | | |

| | | | | |
|---|---|---|---|---|
| | **പച്ചക്കറിത്തോട്ടം, പൂന്തോട്ടം** | | | |
| പരിസ്ഥിതിയുമായി കൂടുതൽ അടുത്തറിയൽ | സ്കൂളിൽ പച്ചക്കറിത്തോട്ടം, പൂന്തോട്ടം കുട്ടികളെ ഉൾപ്പെടുത്തി കൊണ്ട് ചെയ്യുന്നു. | 1 വർഷം | ടീച്ചർ | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കുട്ടികളിൽ ആരോഗ്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.<br>* ആരോഗ്യശേഷി വളർത്തുന്നു. | Zumba class<br>ആഴ്ച തോറും ഒരു ക്ലാസ് നടത്തുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ | |

# അറബി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അറബി നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | **അറബി അസംബ്ലി**<br>ആഴ്ചയിൽ ഒരു ദിവസം അറബിയിൽ മുഴുവൻ പ്രവർത്തനങ്ങളും അസംബ്ലി ചെയ്യുന്നു. | 1 വർഷം | ടീച്ചർ | |
| ചിത്രങ്ങളുടെ സഹായത്തോടെ ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു | **ശില്പശാല**<br>– ചിത്ര വായന<br>– ചിത്രങ്ങളുടെ സഹായത്തോടെ ലഘുവിവരണങ്ങൾ വായിക്കുകയും തയ്യാറാക്കുകയും ചെയ്യുന്നു. ചിത്രങ്ങൾ കാർഡുകൾ എന്നിവ ശേഖരിക്കൽ | ജൂൺ–ആഗസ്റ്റ് | ടീച്ചർ | |
| അറബി ഭാഷ മെച്ചപ്പെടുത്തൽ | വിവിധ പക്ഷികൾ മൃഗങ്ങൾ ഇവയെക്കുറിച്ചുള്ള കവിതകൾ വായിക്കാനും പാടാനും സന്ദർഭം ഒരുക്കുന്നു. സ്വതന്ത്ര രചനക്കുള്ള അവസരം.<br>കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. | | | |